**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
**ഫോൺ:** 0471-2302490 **ഫാക്സ്:**0471-2303025/20303080
**ഇ-മെയിൽ:** dhskerala@gmail.com**വെബ്സൈറ്റ്:** www.dhs.kerala.gov.in

---

## വെള്ളപ്പൊക്കം - ആരോഗ്യ പരിരക്ഷയ്ക്കായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1. ആരോഗ്യ പരിചരണവും ചികിത്സയും

1.1. മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മൊബൈൽ പൊതുജനാരോഗ്യ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ ലഭിക്കുന്നതാണ്.

1.2. എല്ലാ ആരോഗ്യസേവന കേന്ദ്രങ്ങളിലും ക്യാമ്പുകളിലും മുറിവ് പറ്റിയവർക്ക് പരിചരണവും ടെറ്റനസ് ടോക്സോയ്ഡ് ഇൻജക്ഷനും നൽകുന്നതാണ്.

1.3. മെഡിക്കൽ ക്യാമ്പുകളിലും മൊബൈൽ മെഡിക്കൽ യൂണിറ്റുകളിലും പൊതുജനാരോഗ്യ യൂണിറ്റുകളിലും ചികിത്സയ്ക്ക് പുറമെ ടാങ്ക്/ ഓവർഹെഡ് ടാങ്ക് തുടങ്ങിയവ ശുദ്ധീകരിക്കാൻ/അണുവിമുക്തമാക്കാൻ ബ്ലീച്ചിംഗ് പൗഡർ ലഭ്യമാണ്.

1.4. എല്ലാ സർക്കാർ ആരോഗ്യ സേവന യൂണിറ്റുകളിലും ആവശ്യമുള്ള മരുന്നുകളും മറ്റു സൗകര്യങ്ങളും ലഭ്യമാണ്. ഈ സേവനങ്ങൾ പൊതുജനങ്ങൾ ഉപയോഗിക്കേണ്ടതാണ്.

### 2. പകർച്ചവ്യാധി നിയന്ത്രണം

2.1. ജലജന്യരോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ തുടങ്ങിയവയെ തടയാനായി ആരോഗ്യവകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2.2. പൊതുജനങ്ങൾ താഴെ പറയുന്നവ നിർബന്ധമായും പാലിക്കേണ്ടതാണ്-

എ) ശുദ്ധജലം (ക്ലോറിനേറ്റ് ചെയ്തത്) മാത്രം കുടിക്കേണ്ടതാണ്

ബി) തിളപ്പിച്ചാറ്റിയ വെള്ളം അഭികാമ്യം

സി) ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുന്നത് അണുബാധ തടയും

ഡി) മഴവെള്ളത്തിൽ കുതിർന്ന ഭക്ഷണം ഉപയോഗിക്കരുത്

2.3. ആർക്കെങ്കിലും പനിയോ വയറിളക്കമോ ഉണ്ടായാൽ സർക്കാർ ആരോഗ്യസേവന ദാതാക്കളിൽ നിന്നും മെഡിക്കൽ ക്യാമ്പുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാണ്.

### 3. സുരക്ഷിത കുടിവെള്ളം

3.1. ശരിയായ അളവിൽ ക്ലോറിൻ ഉപയോഗിച്ച് ശുദ്ധീകരിച്ച കുടിവെള്ളം ഉപയോഗിക്കണം.

3.2. വാട്ടർ ടാങ്കും ഓവർഹെഡ് ടാങ്കും ക്ലോറിനേറ്റ് ചെയ്യാൻ താഴെ പറയുന്ന രീതി അവലംബിക്കുക.

എ)1000 ലിറ്റർ വെള്ളം ക്ലോറിനേറ്റ് ചെയ്യാൻ 5 ഗ്രാം 33 ശതമാനം ബ്ലീച്ചിംഗ് പൗഡർ ഒരു ബക്കറ്റിലെടുത്ത് കുഴച്ച് പേസ്റ്റ് പരുവത്തിലാക്കുക.

ബി) വെള്ളം കുറേശെയായി ബക്കറ്റിന്റെ മുക്കാൽ ഭാഗം വരെ ഒഴിച്ച് നന്നായി കലക്കുക.

സി) ബ്ലീച്ചിംഗ് പൗഡർ അടിയാൻ 10-15 മിനുറ്റ് അനക്കാതെ വയ്ക്കുക

ഡി) തെളിഞ്ഞ വെള്ളം മറ്റൊരു ബക്കറ്റിലാക്കി ഓവർഹെഡ് ടാങ്കിൽ നല്ലതുപോലെ ഇളക്കി കലക്കുക. തുടർന്ന് ഒരു മണിക്കൂറിന് ശേഷം ഈ വെള്ളം ഉപയോഗിക്കാവുന്നതാണ്.

3.3. പൈപ്പ്ലൈനിൽ പൊട്ടലുണ്ടെങ്കിൽ അറ്റകുറ്റപണികൾ തീർക്കുക. ലീക്ക് വരാതെ ശ്രദ്ധിക്കുക

**4. <u>വെള്ളപ്പൊക്കത്തിന് ശേഷം ടാങ്കും ഓവർഹെഡ് ടാങ്കും വൃത്തിയാക്കാനുള്ള നടപടിക്രമം</u>**

4.1. കിണർവെള്ളവും കുഴൽക്കിണർ വെള്ളവും ശുദ്ധീകരിച്ച ശേഷം മാത്രം കുടിയ്ക്കുവാനുപയോഗിക്കുക.

അതിനുള്ള മാർഗ്ഗങ്ങൾ താഴെ നൽകിയിരിക്കുന്നു :-

എ) ആദ്യം ടാങ്കിലും ഓവർഹെഡ് ടാങ്കിലും ഉള്ള വെള്ളം മുഴുവനും ഒഴുക്കി കളയുക.

ബി) ബ്ലീച്ചിഗ് പൗഡർ ഉപയോഗിച്ച് ടാങ്കും ഓവർഹെഡ് ടാങ്കും ഉരച്ച് കഴുകുക

സി) അതിന് ശേഷം വെള്ളം നിറയ്ക്കുക

ഡി) വെള്ളം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കുക

ഇ) എല്ലാ പൈപ്പിലും അഞ്ച് മിനിറ്റ് വെള്ളം ഒഴുക്കി കളയുക

4.2. ഇതുപോലെ കിണർ വെള്ളവും കുഴൽക്കിണർ വെള്ളവും ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക.

**5. <u>താത്ക്കാലിക ദുരിതാശ്വാസ കേന്ദ്രത്തിൽ അവലംബിക്കേണ്ട മുൻകരുതലുകൾ</u>**

5.1. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക

5.2. മലമൂത്ര വിസർജ്ജനത്തിന് കക്കൂസ് ഉപയോഗിക്കുക. കക്കൂസ് ലഭ്യമല്ലെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക.

5.3. ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിസരം ബ്ലീച്ചിംഗ് പൗഡറും നീറ്റുകക്കയും (അനുപാതം 1:4) ഉപയോഗിച്ച് ആഴ്ച്ചയിൽ രണ്ടുതവണ അണുനശീകരണം നടത്തണം.

**6. <u>ഈച്ചനിയന്ത്രണ പ്രവർത്തനങ്ങൾ</u>**

6.1. ഭക്ഷണാവശിഷ്ടങ്ങളിലും അഴുകുന്ന മാലിന്യങ്ങളിലും ഈച്ചകൾ പെരുകാൻ ഇടയുള്ളതിനാൽ അവ അലക്ഷ്യമായി വലിച്ചെറിയാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്രയും വേഗം സുരക്ഷിതമായി സംസ്ക്കരിക്കേണ്ടതാണ്.

6.2. ഈ സ്ഥലങ്ങൾ ബ്ലീച്ചിംഗ് പൗഡറും നീറ്റുകക്കയും ഉപയോഗിച്ച് അണു നശീകരണം അടിക്കടി നടത്തേണ്ടതാണ്.

**7. <u>കൊതുക് നിയന്ത്രണം</u>**

7.1. ഉപയോഗ ശൂന്യമായ ടയറുകൾ, പൊട്ടിയ മൺപാത്രങ്ങൾ, തൊണ്ടുകൾ , പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവയിലും നിർമ്മാണ സ്ഥലങ്ങളിലെ താത്ക്കാലിക വെള്ളക്കെട്ടുകളിലും കൊതുകുകൾ വംശവർദ്ധന നടത്തുന്നു.

7.2. താത്ക്കാലികമായി വെള്ളം കെട്ടി നിൽക്കാതെ ഉപയോഗ ശൂന്യമായ പാത്രങ്ങളും പ്ലാസ്റ്റിക് കുപ്പി, കപ്പ്, കവറുകൾ എന്നിവയും അലക്ഷ്യമായി വലിച്ചെറിയാതെ ശേഖരിച്ച്, വെള്ളം കെട്ടി നിൽക്കാത്ത വിധം നീക്കം ചെയ്യേണ്ടതാണ്.

**8. <u>പൊതു നിർദ്ദേശങ്ങൾ</u>**

8.1. സുരക്ഷിതമല്ലാത്ത മേഖലകളിൽ വസിക്കുന്നവർ നിർദ്ദേശം കിട്ടിയാലുടനെ ദുരിതാശ്വാസ കേന്ദ്രത്തിലേക്ക് മാറി താമസിക്കേണ്ടതാണ്.

8.2. ഏതെങ്കിലും രോഗങ്ങൾക്ക് പതിവായി മരുന്ന് കഴിക്കുന്നവർ അത് തുടരേണ്ടതാണ്.

8.3. മഴക്കാലത്ത് യാത്രകൾ പരമാവധി ഒഴിവാക്കുക.

8.4. പക്ഷിമൃഗാദികളുടെ ശവശരീരങ്ങൾ ശ്രദ്ധയിൽപെട്ടാൽ അത് മുൻസിപ്പാലിറ്റിയുടെയോ തദ്ദേശസ്വയംഭരണാധികരികളുടെയോ ശ്രദ്ധയിൽപ്പെടുത്തി ആഴത്തിൽ കുഴിയെടുത്ത് ബ്ലീച്ചിംഗ് പൗഡർ വിതറി സംസ്ക്കരിക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് :- ദിശ –0471 2552056**

**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

**16/8/2018**